# കേരളസർവകലാശാല

നം.പി.ആർ.122/2021

## പത്രക്കുറിപ്പ്

### ഇന്റേണൽ മാർക്ക് ജൂലൈ 16 വരെ അപ്‌ലോഡ് ചെയ്യാം

കേരളസർവകലാശാലയുടെ മാർച്ച് 2021 സെഷൻ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. – ബി.എ./ബി.എസ്.സി./ബി.കാം & സി.ബി.സി.എസ്.എസ്. (കരിയർ റിലേറ്റഡ്) കോഴ്സുകളുടെ ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി ജൂലൈ 16.

### പുതുക്കിയ പരീക്ഷാക്രമം

കേരളസർവകലാശാല ഏപ്രിൽ 3, 6 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ബി.കോം./ബി.എ./ബി.എസ്.സി. എസ്.ഡി.ഇ. നാലാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 29, ജൂലൈ 1 തീയതികളിൽ ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റമില്ല.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ജൂലൈയിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (യു.ഐ.എം./ട്രാവൽ ആന്റ് ടൂറിസം/റെഗുലർ ഈവനിംഗ്) (2014 സ്കീം ആന്റ് 2018 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടേയും, 2014 സ്കീം (2014 അഡ്മിഷൻ മാത്രം) മേഴ്സിചാൻസ് പരീക്ഷയുടേയും വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജൂൺ 30 വരെയും 150 രൂപ പിഴയോടെ ജൂലൈ 5 വരെയും 400 രൂപ പിഴയോടെ ജൂലൈ 7 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി (റെഗുലർ – 2019 സ്കീം, സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 9 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്ച്.ഡി. രജിസ്ട്രേഷൻ – ജൂലൈ 2021 ഓൺലൈൻ അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ ജൂലൈ 2021 സെഷൻ പിഎച്ച്.ഡി. രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2021 ജൂലൈ 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും ജൂലൈ 16 ന് 5 മണിക്ക് മുൻപായി കേരളസർവകലാ

ശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ് (https://pay.keralauniversity.ac.in).

## കോവിഡ് കാലത്തെ മാനസിക ആരോഗ്യം
## മനഃശാസ്ത്രജ്ഞനോട് സംസാരിക്കാം

കോവിഡ് കാലത്ത് മാനസിക ആരോഗ്യം നിലനിർത്തുന്നതിനായി സർവകലാശാലയിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ജീവനക്കാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർക്കായി കേരളസർവ കലാശാല ടെലി കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട നിങ്ങളുടെ പ്രശ്നങ്ങൾക്ക് കേരളസർവകലാശാല സൈക്കോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫ സർ ശ്രീ. സുജിത്ത് ബാബുവുമായി ടെലി കൗൺസിലിംഗ് നടത്താവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമാണ്. സമയം: തിങ്കൾ – വെള്ളി ദിവസങ്ങളിൽ 2 മണി മുതൽ 5 മണി വരെ ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 7306841550

തിരുവനന്തപുരം,
24.06.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ